*13-10-2026*

*Ruling*

## റൂളിങ്

<u>സഭയിൽ ഫൈബർ ലാത്തി കൊണ്ടുവന്നത് സംബന്ധിച്ച്</u>

<u>മി.സ്പീക്കർ:</u> ഇന്നലെ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടിയവേളയിൽ ശ്രീ. വി. ജോയി എം.എൽ.എ. കറുത്ത നിറത്തിലുള്ള പിടി ഭാഗം ഒടിഞ്ഞ ഒരു ഫൈബർ ലാത്തി സഭയിൽ പ്രദർശിപ്പിക്കുകയും ചെയറിന്റെ നിർദേശാനുസരണം അത് വാച്ച് & വാർഡിനെ ഏല്പിക്കുകയും ചെയ്തു. ഇത്തരം വസ്തുക്കൾ സഭയിൽ പ്രദർശിപ്പിക്കുന്നത് ക്രമപ്രകാരമാണോ എന്ന വിഷയം ഉന്നയിക്കുകയും ഇതുസംബന്ധിച്ച റൂളിങ് ഇന്ന് നൽകാമെന്ന് ചെയർ അറിയിക്കുകയും ചെയ്തിരുന്നു. നിയമസഭാ രേഖകൾ പരിശോധിച്ചതിൽനിന്നും ഒരു ബില്ലിന്റെ ചർച്ചാ വേളയിൽ ഒരംഗം രണ്ടു കുപ്പി ബിയർ സഭയിൽ പ്രദർശിപ്പിച്ചപ്പോഴും കഞ്ചാവ് വേട്ട സംബന്ധിച്ച ചർച്ചാവേളയിൽ ഒരു അംഗം കഞ്ചാവ് പൊതി സഭയിൽ പ്രദർശിപ്പിച്ചപ്പോഴും സഭ പ്രസ്തുത അംഗങ്ങളുടെ നടപടിയെ അപലപിക്കുകയും അനുവദനീയമല്ലാത്ത പദാർഥങ്ങൾ സഭയിൽ കൊണ്ടുവരരുതെന്ന് റൂളിങ് നൽകുകയും ചെയ്തിട്ടുണ്ട്. സഭയിൽ ഗ്രനേഡ്

*Ruling*

പോലുള്ള സ്ഫോടകവസ്തുക്കൾ പ്രദർശിപ്പിക്കുന്നത് ഒരുതരത്തിലും അംഗീകരിക്കാനാവുന്നതല്ലെന്നും സ്പോടക വസ്തുക്കൾ, മാരകായുധങ്ങൾ, മറ്റ് നിരോധിത വസ്തുക്കൾ എന്നിവ സഭയിൽ പ്രദർശിപ്പിക്കരുതെന്നും 2005 ജൂലൈ 8-ാം തീയതി ചെയർ റൂളിങ് നൽകുകയും ഡയറക്ഷൻ നമ്പർ 20 പ്രകാരം പ്രസ്തുത വസ്തുക്കൾ സഭയിൽ കൊണ്ടുവരുന്നത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. നാടകീയ രംഗങ്ങൾ സൃഷ്ടിക്കുന്നതിന് സഭയിൽ വസ്തുക്കൾ പ്രദർശിപ്പിക്കുന്നതും ഹാജരാക്കുന്നതും തെറ്റാണെന്ന് ശക്ധർ ആന്റ് കൗളും പ്രതിപാദിക്കുന്നുണ്ട്. സഭയിലെ അംഗങ്ങളുടെ പെരുമാറ്റച്ചട്ടം 3 (XI) പ്രകാരം സഭയിൽ ആയുധങ്ങൾ കൊണ്ടുവരുന്നതിനോ പ്രദർശിപ്പിക്കുന്നതിനോ പാടില്ല. ആരോഗ്യ കാരണങ്ങളാൽ അല്ലാതെ വാക്കിങ് സ്റ്റിക്ക് പോലും സഭയിൽ കൊണ്ടുവരാൻ പാടില്ല എന്നിരിക്കെ ഫൈബർ ലാത്തി പോലുള്ള വസ്തുക്കൾ സഭയിൽ കൊണ്ടുവന്ന് പ്രദർശിപ്പിക്കുന്നത് ശരിയായ നടപടി അല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: പിള്ളേരെ അടിച്ച് ഒടിഞ്ഞ ഒരു ലാത്തി സഭയിൽ കൊണ്ടുവന്ന് പ്രദർശിപ്പിക്കുന്നത് സ്ഫോടക വസ്തുക്കളും

*13-10-2026*

*Ruling*

കഞ്ചാവും സഭയിൽ കൊണ്ടുവരുന്നതുപോലെയാണോ? ലാത്തി സഭയിൽ കൊണ്ടുവരുന്നത് ശരിയാണെന്നല്ല. പക്ഷേ, സ്ഫോടകവസ്തുക്കൾ, കഞ്ചാവ്, മയക്കുമരുന്ന് എന്നിവയോടൊപ്പം ചേർക്കാൻ പറ്റിയ വസ്തുവാണോ പൊലീസിന്റെ ലാത്തി. അത് ക്ലാസിഫിക്കേഷന്റെ പ്രശ്നമാണ്.

<u>മി.സ്പീക്കർ:</u> സത്യം പറഞ്ഞാൽ ചില കാര്യങ്ങളിൽ എനിക്കും പങ്കാളിത്തമുണ്ടെന്ന സത്യം ഞാൻ മറക്കുന്നില്ല. അതുകൊണ്ട് ചെയർ ഒരു സത്യം പറയുന്നുവെന്നേയുള്ളൂ. പക്ഷേ അതൊന്നും പ്രോത്സാഹിപ്പിക്കാൻ പറ്റുന്ന കാര്യമല്ല. സഭയ്ക്ക് പുറത്തുവയ്ക്കേണ്ട കാര്യങ്ങൾ പുറത്ത് വയ്ക്കുക. സഭയിൽ കൊണ്ടുവരാൻ പറ്റുന്നത് മാത്രം കൊണ്ടുവരുക. നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്യാതിരിക്കുക, നിയമവിധേയമായി പോകുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുക. ഞാൻ പ്രതിപക്ഷാംഗമായി പ്രവർത്തിച്ചിരുന്ന കാലത്ത് ചിലതൊക്കെ ചെയ്തിട്ടുണ്ട്. സത്യം പറഞ്ഞാൽ നിങ്ങളോടൊപ്പം ഞാനും അക്കാര്യത്തിൽ ദുഃഖിക്കുകയാണ്.